LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ജൈവവളം ഒരു ദിവസംകൊണ്ട് ഉണ്ടാവുകയില്ല. നമ്മൾ പഴയകാലത്ത് ചാണകവും നമ്മുടെ വീട്ടിലെ പച്ചിലയും മുറ്റം തൂക്കുന്ന ഇലയുമൊക്കെ വാരിയാണ് തെങ്ങിന്റെ മൂട്ടിലിടുന്നത്. കാലാന്തരത്തിലാണ് ഇന്നത്തെ നിലയിൽ മറ്റു വളങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. ആ വളങ്ങൾ ദീർഘകാലമായി ഉപയോഗിച്ചുവരികയാണ്. ഇപ്പോൾ തെങ്ങിനാണെങ്കിൽ ഒരു വളവും ഉപയോഗിക്കാതെ ഒരു തേങ്ങയുമില്ല. അതാണ് ഇന്നത്തെ സ്ഥിതി. ആ കൃഷിസമ്പ്രദായവും ആരോഗ്യത്തിന് നല്ലതാണെന്നുള്ള നിലയിൽ മാർക്കറ്റിൽ അത് വളരുന്നു. ജൈവകൃഷി ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കിട്ടുന്നു എന്ന് കണ്ടതുകൊണ്ടാണ് ബഡ്ജറ്റിൽ അതിന് പ്രൊവിഷൻ വച്ചത്. ഒറ്റ ദിവസംകൊണ്ട് സാധിക്കത്തക്ക വിധത്തിൽ അല്ല, അങ്ങനെയാണെങ്കിൽ വേറൊന്നും ചെയ്യണ്ടായിരുന്നു. അപ്പോൾ സാവകാശം ഗവൺമെന്റിന്റെ പരിമിതികളുമൊക്കെ വച്ചുകൊണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. പച്ചില കൂടുതൽ വളർത്തുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനവും കൊടുക്കാം. ഇന്നത്തെ നിലയിൽ പശുക്കളുടെ ചാണകവും അതുപോലെ ചപ്പുചവറുകളും മറ്റുമൊക്കെ ഉപയോഗിച്ച് വളമാക്കി മാറ്റുന്ന കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാചക വാതക വിതരണ ഏജൻസികൾ നടത്തുന്ന കൃത്രിമം തടയുന്നതിന് നടപടി

4 [* 312] ശ്രീ. കളത്തിൽ അബ്ദുള്ള :
,, കെ. എൻ. എ. ഖാദർ :
,, ടി. പി. എം. സാഹിർ :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില പാചക വാതക വിതരണ ഏജൻസികൾ ഗ്യാസ് വിതരണത്തിൽ കൃത്രിമം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഏജൻസികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പാചക വാതക വിതരണത്തിൽ ക്രമക്കേടു കാണിക്കുന്ന ഇത്തരം ഏജൻസികളെ കണ്ടുപിടിക്കുന്നതിനും വിതരണം ക്രമീകരിക്കുന്നതിനും നിയമം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പാചക വാതക വിതരണ ഏജൻസികളെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും വിതരണത്തിൽ ക്രമക്കേടു കാണിക്കുന്നവരെ ശിക്ഷിക്കുന്നതിനുമുള്ള നിയമം ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുറ്റക്കാരായ ഗ്യാസ് ഏജൻസികൾക്ക് അതാതു ജില്ലാകളക്ടർമാർ കാരണം കാണിക്കൽ/കുറ്റപത്രം നൽകി അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി, ഡി) ഇ. സി. ആക്ട് 1955, എൽ. പി. ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000, മാർക്കറ്റിംഗ് ഡിസ്പ്ലിനറി ഗൈഡ്ലൈൻസ് 1998 എന്നീ നിയമങ്ങൾ നിലവിലുണ്ട്. പാചക വാതക വിതരണത്തിൽ ക്രമക്കേട് കാണിക്കുന്ന ഏജൻസികളെ കണ്ടുപിടിക്കുന്നതിനും, അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്.

സർവ്വീസ് വയറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

5 [* 313] ശ്രീ. നാലകത്ത് സൂപ്പി :

,, സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, ചെർക്കളം അബ്ദുള്ള :

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ വൈദ്യുതി കണക്ഷന് വേണ്ടി ഉപയോഗിച്ചിട്ടുള്ള സർവ്വീസ് വയറുകൾ മാറ്റുന്നതിന് കെ. എസ്. ഇ. ബി. നിശ്ചയിച്ചിട്ടുള്ള കാലയളവ് എത്രയാണ് ;

(ബി) പ്രസ്തുത കാലപരിധി കഴിഞ്ഞ സർവ്വീസ് വയറുകൾ മാറ്റുന്നതിന് കെ. എസ്. ഇ. ബി. നടപടി സ്വീകരിക്കാറുണ്ടോ ;

(സി) ഇത്തരം പഴയ സർവ്വീസ് വയറുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള ചെലവ് ആരാണ് വഹിക്കുന്നത് ;

(ഡി) കൺസ്യൂമർ ആണ് വഹിക്കുന്നതെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly